"ഭരണഭാഷ-മാതൃഭാഷ"

Break the Chain

കേരള സർക്കാർ

നം.സി2/88/2020/ഐ&പിആർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (സി) വകുപ്പ്
തിരുവനന്തപുരം, തിയതി, 15/06/2020

## ക്രിയേറ്റീവ് ഏജൻസികളുടെ എംപാനൽമെന്റ് - താല്പര്യപത്രം ക്ഷണിക്കുന്നു.

റഫറൻസ് നമ്പർ : സി2/88/2020/ഐ&പിആർ
വിജ്ഞാപന തീയതി : 15/06/2020
അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി : 2020 ജൂൺ 25, വൈകുന്നേരം 4 മണി
സാങ്കേതിക വൈദഗ്ധ്യ അവതരണവും പരിശോധനയും : 2020 ജൂലൈ 2-ന് രാവിലെ 11 മണിക്ക് പി.ആർ.ചേംബർ,സൗത്ത് ബ്ലോക്ക് ഗ്രൗണ്ട് ഫ്ലോർ, ഗവ.സെക്രട്ടേറിയറ്റ്
അപേക്ഷാ ഫീസ്: 500/- രൂപ (ഓരോ വിഭാഗത്തിനും)
വിശദാംശങ്ങൾക്ക് -04712518013, 04712518678, 04712518447, 9496003239

**1. അപേക്ഷിക്കാവുന്ന വിഭാഗങ്ങൾ:**

കാറ്റഗറി എ - ടെലിവിഷൻ/തീയേറ്റർ പ്രദർശനത്തിനുള്ള ക്രിയേറ്റീവുകൾ, ഓഡിയോ ക്രിയേറ്റീവുകൾ
കാറ്റഗറി ബി - സോഷ്യൽ മീഡിയ ക്രിയേറ്റീവുകൾ
കാറ്റഗറി സി - അച്ചടി/ഔട്ട്ഡോർ ക്രിയേറ്റീവുകൾ

**2. യോഗ്യത മാനദണ്ഡങ്ങൾ**

**എ) ടെലിവിഷൻ/തീയേറ്റർ പ്രദർശനത്തിനുള്ള ക്രിയേറ്റീവുകൾ, ഓഡിയോ ക്രിയേറ്റീവുകൾ:**

അഞ്ചുവർഷത്തിൽ കുറയാത്ത പ്രവൃത്തിപരിചയം (സർക്കാർ വകുപ്പുകൾക്ക് സേവനം നൽകിയിട്ടുള്ളവർക്ക് മുൻഗണന), ബന്ധപ്പെട്ട മേഖലയിൽ കുറഞ്ഞത് 10 ക്രിയേറ്റീവുകൾ ചെയ്തിരിക്കണം.

**ബി) സോഷ്യൽ മീഡിയ ക്രിയേറ്റീവുകൾ**

ഷോർട്ട് വീഡിയോ, പോസ്റ്ററുകൾ, ഇൻഫോഗ്രാഫിക്സ്, അനിമേഷൻ (2D, 3D, GIF), മോഷൻ ഗ്രാഫിക്സ്, സോഷ്യൽ മീഡിയ ബാനറുകൾ, ഓൺലൈൻ മാധ്യമങ്ങളിലെ പരസ്യങ്ങൾ എന്നിവ നിർമ്മിക്കുന്നതിലും ഓൺലൈൻ, സോഷ്യൽ മീഡിയ കണ്ടന്റ് മാനേജ്മെന്റിലും അഞ്ചു വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയം (സർക്കാർ വകുപ്പുകൾക്ക് സേവനം നൽകിയിട്ടുള്ളവർക്ക് മുൻഗണന). അവശ്യഘട്ടങ്ങളിൽ പരമാവധി അമ്പതിനായിരം രൂപ വരെ ചെലവിൽ ഡിജിറ്റൽ മാർക്കറ്റിംഗ് സ്വന്തം നിലയിൽ ചെയ്യാൻ കഴിയണം.

**സി) അച്ചടി/ഔട്ട് ഡോർ ക്രിയേറ്റീവുകൾ**

പോസ്റ്റർ, പരസ്യം, ബ്രോഷർ തുടങ്ങിയവ തയ്യാറാക്കുന്നതിൽ അഞ്ചുവർഷത്തിൽ കുറയാത്ത പ്രവൃത്തിപരിചയം (സർക്കാർ വകുപ്പുകൾക്ക് സേവനം നൽകിയിട്ടുള്ളവർക്ക് മുൻഗണന). ബന്ധപ്പെട്ട

മേഖലയിൽ കുറഞ്ഞത് 10 ക്രിയേറ്റീവുകൾ ചെയ്തിരിക്കണം. തിരുവനന്തപുരത്ത് ക്രിയേറ്റിവ് യൂണിറ്റും മറ്റ് അവശ്യ സാങ്കേതിക സൗകര്യങ്ങളും ഉണ്ടാവണം. 24x7 സമയം സേവനത്തിന് സന്നദ്ധമായിരിക്കണം. വകുപ്പിന്റെ ആവശ്യമനുസരിച്ച് നിർദിഷ്ട സമയത്തിനുള്ളിൽ മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽ ഗുണനിലവാരമുള്ള ക്രിയേറ്റീവുകൾ നിർമിച്ച് നൽകാനാകണം.

**പൊതുനിർദേശങ്ങൾ**

1. ഓരോ വിഭാഗം പ്രവൃത്തിയിലുമുള്ള പരിചയം, സർക്കാർ വകുപ്പുകൾക്ക് നൽകിയിട്ടുള്ള സേവനം എന്നിവ പരിഗണിച്ചാവും എംപാനൽമെന്റ്.
2. സെലക്റ്റ് കമ്മിറ്റിയുടെ നിർദേശപ്രകാരമാണ് നിശ്ചിത യോഗ്യതയുള്ളവരെ പാനലിൽ ഉൾപ്പെടുത്തുക.
3. 3 വർഷമാണ് പാനലിന്റെ കാലാവധി
4. ഏജൻസികൾക്കും വ്യക്തികൾക്കും അപേക്ഷിക്കാം.
5. ഓരോ വിഭാഗത്തിലും പരമാവധി അഞ്ചു പേരെ (ഏജൻസി/വ്യക്തി) പാനലിൽ ഉൾപ്പെടുത്തും.
6. അപേക്ഷകർ ഓരോ വിഭാഗത്തിലേക്കും പ്രത്യേകം ഫീസ് ഒടുക്കി അപേക്ഷ നൽകണം.
7. ഫീസ് ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിഡി ആയാണ് ഒടുക്കേണ്ടത്.
8. എംപാനൽ ചെയ്യപ്പെടുന്നവർക്ക് എസ്റ്റിമേറ്റ് അംഗീകരിച്ച് വർക്ക് ഓർഡർ നൽകുന്നതും പ്രതിഫലം നിശ്ചയിക്കുന്നതും ചുവടെ പറയും പ്രകാരമായിരിക്കും.

എ) ടെലിവിഷൻ/തീയേറ്റർ പ്രദർശനത്തിനുള്ള ക്രിയേറ്റീവുകൾ, അനിമേഷൻ, ഹ്രസ്വചിത്രങ്ങൾ, ഓഡിയോ ക്രിയേറ്റീവുകൾ തുടങ്ങിയവയുടെ ആശയവും സ്റ്റോറി ബോർഡും അടങ്ങുന്ന പ്രൊപ്പോസൽ എംപാനൽ ചെയ്തവർ ലഭ്യമാക്കേണ്ടതാണ്. ആയതിലേക്കുള്ള ബജറ്റ് സീൽ ചെയ്ത കവറിൽ പ്രത്യേകം സമർപ്പിക്കണം. തെരഞ്ഞെടുക്കുന്ന പ്രൊപ്പോസലുകളുടെ ബജറ്റ് പരിശോധിച്ച് ബന്ധപ്പെട്ട ഏജൻസി/വ്യക്തിയുമായി നെഗോഷ്യേറ്റ് ചെയ്ത ശേഷം നിർവഹണത്തിനുള്ള തുക നിശ്ചയിക്കും. ക്രിയേറ്റീവ് നിർമാണത്തിന് ശേഷം ആയത് വകുപ്പ് തല കോസ്റ്റ് കമ്മിറ്റി വിലയിരുത്തി പ്രതിഫലം നിശ്ചയിക്കും.

ബി) പോസ്റ്റർ, ബ്രോഷർ, പരസ്യം (പത്രം, ഔട്ട്ഡോർ), ഇൻഫോഗ്രാഫിക്സ്, മോഷൻ ഗ്രാഫിക്സ് തുടങ്ങിയവയ്ക്ക് വകുപ്പിന്റെ ആവശ്യാനുസരണം വിഷയാധിഷ്ഠിതമായി ആവിഷ്കാരങ്ങൾ തയാറാക്കി സമർപ്പിക്കേണ്ടതാണ്. ആയതിലേക്കുള്ള ബജറ്റ് സീൽ ചെയ്ത കവറിൽ പ്രത്യേകം സമർപ്പിക്കണം. തെരഞ്ഞെടുക്കുന്ന ഡിസൈനുകളുടെ ബജറ്റ് പരിശോധിച്ച് നെഗോഷ്യേറ്റ് ചെയ്ത ശേഷം പ്രതിഫലത്തുക തുക നിശ്ചയിക്കും.

സി) ഓരോ വിഭാഗത്തിലേയും ആവിഷ്കാരങ്ങൾക്ക് അനുവദിക്കുന്ന പരമാവധി പ്രതിഫലത്തുക പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് മുമ്പ് അറിയിക്കുന്നതാണ്. ഇവയിൽ വകുപ്പ് നിലവിൽ അംഗീകരിച്ചിട്ടുള്ള പ്രതിഫലത്തുക തുടരുന്നതാണ്.

9. എംപാനൽ ചെയ്യപ്പെടുന്നവർക്ക് അക്കാദമിക യോഗ്യതകളും സാങ്കേതിക പരിചയവുമുള്ളവരുടെ സേവനം ലഭ്യമാണെന്ന് വകുപ്പ് പരിശോധിക്കുന്നതാണ്.

എംപാനൽ ചെയ്യുന്നതിനുള്ള അപേക്ഷ ഡയറക്ടർ, ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്, ഗവ.സെക്രട്ടറിയേറ്റ്, തിരുവനന്തപുരം 1 എന്ന വിലാസത്തിൽ തപാലിലോ സെക്രട്ടേറിയറ്റിലെ വകുപ്പിന്റെ ഓഫീസ് സെക്ഷനിൽ നേരിട്ടോ അവസാന തീയതിയിൽ വൈകുന്നേരം അഞ്ചു മണിക്ക് മുമ്പായി ലഭ്യമാക്കണം. വൈകി ലഭിക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല. അപേക്ഷ

prddirector@gmail.com എന്ന വിലാസത്തിൽ ഇ മെയിലായും അയയ്ക്കാവുന്നതാണ്. 'IPRD Creative Agency Empanelment - Category wise" എന്ന് നിർബന്ധമായും ഇ മെയിലിൽ രേഖപ്പെടുത്തിയിരിക്കണം. അല്ലാത്തവ പരിഗണിക്കുന്നതല്ല.

10. അനുബന്ധം ചെയ്തിട്ടുള്ള മാതൃകയിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷ സമർപ്പിക്കുന്ന കവറിംഗ് ലെറ്ററിൽ ഏതെല്ലാം കാറ്റഗറിയിലേക്കുള്ള പാനലിൽ ഉൾപ്പെടുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്ന വിവരം വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.

അയ്യപ്പൻ കെ എം
ഡെപ്യൂട്ടി ഡയറക്ടർ

| SL No | Information sought | Details to be furnished |
|---|---|---|
| 1 | **Contact Details of the Applicant** | |
| 1.1 | Name of Organization/Applicant | |
| 1.2 | Address For Communication | |
| 1,3 | Telephone | |
| 1.4 | Email | |
| 1.5 | Website (If agency) | |
| 1.6 | Name of key functionary and designation (If Agency) | |
| 1.7 | Email of key functionary | |
| 1.8 | Mobile No of key functionary | |
| 2 | **Business Information (for agency)** | |
| 2.1 | Registration Number | |
| 2.2 | Registration Status of the Organization (Public/Private Ltd/ Company/ Society/Trust/ Consortium/ Joint Venture/ etc.) | |
| 2.3 | Year of Establishment | |
| 2.4 | Details of Registration (attach the photocopy of the Incorporation Certificate/ registration/Agreement) | Attached / Not Attached |
| 2.5 | PAN No: | |
| 2.6 | GST Registration No. | |
| | | |